**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4890** **20-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥരുടെ ഗ്രേഡ് പ്രമോഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥരുടെ ഗ്രേഡ് പ്രമോഷനുകൾ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ; അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ട് എഞ്ചിനീയർ വരെയുള്ളവരുടെ ഗ്രേഡ് പ്രമോഷനുകൾ എത്രകാലങ്ങളായി പെൻഡിംഗിലാണെന്ന് വ്യക്തമാക്കുമോ; | (എ) | അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഗ്രേഡ് പ്രമോഷനുകൾ/ കരിയർ അഡ്വാൻസ്മെന്റ്/ റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് എന്നിവ അർഹതയുള്ളവർക്ക് യഥാസമയം അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നുണ്ട്. കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരമുള്ള ഉയർന്ന സ്കെയിൽ അനുവദിക്കുന്നതിനെ സംബന്ധിച്ച് പതിനൊന്നാം ശമ്പള പരിഷ്കരണ ശുപാർശയിൽ വന്നിരുന്ന അവ്യക്തത മൂലം പൊതുമരാമത്ത് വകുപ്പിൽ ഏകദേശം മൂന്ന് വർഷത്തോളം പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗ്രേഡ് പ്രൊമോഷൻ നൽകിയിരുന്നില്ല. എന്നാൽ ടി ഗ്രേഡ് പ്രൊമോഷനുകൾ അനുവദിച്ച് തുടങ്ങാവുന്നതാണെന്ന് സർക്കാർ തീരുമാനിച്ചതിനെതുടർന്ന് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരമുള്ള അപേക്ഷകളിൽ ഉയർന്ന സ്കെയിൽ അനുവദിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>നേരിട്ട് നിയമനത്തിലൂടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രവേശിക്കുന്നവർക്ക് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരം 8, 15 വർഷങ്ങളിൽ ഉയർന്ന ഗ്രേഡും അല്ലാത്തവർക്ക് 8, 15, 22 വർഷ സേവനം പൂർത്തിയാകുമ്പോൾ സമയബന്ധിത ഹയർ ഗ്രേഡും അനുവദിക്കുന്നു.<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലെ ആകെ തസ്തികയുടെ മൂന്നിലൊന്നു ജീവനക്കാർക്ക്, ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി ക്രമത്തിൽ റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്.ഇപ്രകാരം 17.01.2023 വരെ നിലവിൽ വന്ന ഒഴിവുകളിലേക്ക് റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. അതിന് ശേഷം നിലവിൽ വന്ന ഒഴിവുകളിൽ റേഷ്യോ ബേസ്ഡ് |

| | | | |
|---|---|---|---|
| | | | ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.<br><br>എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലെ ആകെ തസ്തികയുടെ 25% ജീവനക്കാർക്ക് ഒഴിവ് വരുന്ന മുറക്ക് സീനിയോറിറ്റി ക്രമത്തിൽ റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്. ഇപ്രകാരം 28.02.2023 വരെ നിലവിൽ വന്ന ഒഴിവുകളിലേക്ക് റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സമയബന്ധിത ഹയർ ഗ്രേഡ് / കരിയർ അഡ്വാൻസ്മെന്റ് മുഖേനയുള്ള ഗ്രേഡ് എന്നിവ നിലവിലില്ല.<br><br>സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ സമയ ബന്ധിത ഹയർ ഗ്രേഡ്/ കരിയർ അഡ്വാൻസ്മെന്റ് മുഖേനയുള്ള ഹയർ ഗ്രേഡ്, റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് എന്നിവ നിലവിലില്ല. |
| (ബി) | ഗ്രേഡ് പ്രമോഷൻ നൽകാത്തവർക്ക് കരിയർ അഡ്വാൻസ്, റേഷ്യോ പ്രമോഷനുകൾ എന്നിവ നൽകുന്നുണ്ടോ; എങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ടിങ് എഞ്ചിനീയർ വരെയുള്ള ഓരോ തസ്തികയിലും എത്ര വർഷം സർവീസ് ഉള്ളവർക്ക് പ്രസ്തുത പ്രമോഷൻ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഗ്രേഡ് പ്രമോഷനുകൾ/ കരിയർ അഡ്വാൻസ്മെന്റ്/ റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് എന്നിവ അർഹതയുള്ളവർക്ക് യഥാസമയം അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നുണ്ട്. കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരമുള്ള ഉയർന്ന സ്കെയിൽ അനുവദിക്കുന്നതിനെ സംബന്ധിച്ച് പതിനൊന്നാം ശമ്പള പരിഷ്കരണ ശുപാർശയിൽ വന്നിരുന്ന അവ്യക്തത മൂലം പൊതുമരാമത്ത് വകുപ്പിൽ ഏകദേശം മൂന്ന് വർഷത്തോളം പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗ്രേഡ് പ്രൊമോഷൻ നൽകിയിരുന്നില്ല. എന്നാൽ ടി ഗ്രേഡ് പ്രൊമോഷനുകൾ അനുവദിച്ച് തുടങ്ങാവുന്നതാണെന്ന് സർക്കാർ തീരുമാനിച്ചതിനെതുടർന്ന് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരമുള്ള അപേക്ഷകളിൽ ഉയർന്ന സ്കെയിൽ അനുവദിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>നേരിട്ട് നിയമനത്തിലൂടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രവേശിക്കുന്നവർക്ക്കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരം 8, 15 വർഷങ്ങളിൽ ഉയർന്ന ഗ്രേഡും അല്ലാത്തവർക്ക് 8, 15, 22 വർഷ സേവനം പൂർത്തിയാകുമ്പോൾ സമയബന്ധിത ഹയർ ഗ്രേഡും അനുവദിക്കുന്നു.<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലെ ആകെ തസ്തികയുടെ മൂന്നിലൊന്നു ജീവനക്കാർക്ക്, ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി ക്രമത്തിൽ |

| | | | |
|---|---|---|---|
| | | | റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്.ഇപ്രകാരം 17.01.2023 വരെ നിലവിൽ വന്ന ഒഴിവുകളിലേക്ക് റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. അതിന് ശേഷം നിലവിൽ വന്ന ഒഴിവുകളിൽ റേഷ്യോ ബേസ്ഡ് ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.<br><br>എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലെ ആകെ തസ്തികയുടെ 25% ജീവനക്കാർക്ക് ഒഴിവ് വരുന്ന മുറക്ക് സീനിയോറിറ്റി ക്രമത്തിൽ റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്. ഇപ്രകാരം 28.02.2023 വരെ നിലവിൽ വന്ന ഒഴിവുകളിലേക്ക് റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സമയബന്ധിത ഹയർ ഗ്രേഡ് / കരിയർ അഡ്വാൻസ്മെന്റ് മുഖേനയുള്ള ഗ്രേഡ് എന്നിവ നിലവിലില്ല.<br><br>സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ സമയ ബന്ധിത ഹയർ ഗ്രേഡ്/ കരിയർ അഡ്വാൻസ്മെന്റ് മുഖേനയുള്ള ഹയർ ഗ്രേഡ്, റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് എന്നിവ നിലവിലില്ല. |

സെക്ഷൻ ഓഫീസർ